## അനുബന്ധം

## സുബോധം പദ്ധതി

*151. ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. വി. എസ്. സുനിൽ കുമാർ:
ശ്രീ. പി. തിലോത്തമൻ:
ശ്രീ. ചിറ്റയംഗോപകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ കീഴിൽ ബോധവൽക്കരണത്തിനായി എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സുബോധം പദ്ധതി എന്നുമുതലാണാരംഭിച്ചത്, ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിക്കായി ഇതുവരെ എത്ര തുക അനുവദിച്ചു; ഏതെല്ലാം ഇനങ്ങൾക്കായി എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സുബോധം പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

സർ,

(എ) 02.11.2011-ലെ ജി.ഒ. (എം.എസ്.)നം. 157/2011/നി.വ. നമ്പർ ഉത്തരവ് പ്രകാരം എക്സൈസ് വകുപ്പിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി അവയർനസ് പ്രോഗ്രാം കോ-ഓർഡിനേഷൻ വിഭാഗം രൂപീകരിച്ചു. ടി ഉത്തരവ് പ്രകാരം ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർ, ഒരു എക്സൈസ് ഡ്രൈവർ എന്നിവരെ നിയമിച്ചും ഒരു എക്സൈസ് ഇൻസ്പെക്ടർ, ഒരു പ്രിവന്റീവ് ഓഫീസർ, രണ്ട് സിവിൽ എക്സൈസ് ഓഫീസർമാർ എന്നുവരെ റീ-ഡിപ്ലോയിഡ് ചെയ്തു നിയമിച്ചുമാണ് ഈ വിഭാഗം പ്രവർത്തിച്ചുവരുന്നത്.

ജില്ലാതലത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് അതാത് ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരാണ് നേതൃത്വം നൽകുന്നത്. ലഹരി വിമുക്ത കേരളം സാക്ഷാത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ 25.09.2015-ലെ ജി.ഒ. (എം.എസ്) നം. 171/2015/നി.വ. നമ്പർ ഉത്തരവ് പ്രകാരം 'സുബോധം' എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) 2014-15 വർഷത്തെ അബ്കാരി പോളിസിയിൽ വിഭാവനം ചെയ്ത പ്രകാരം "പുനർജനി 2030" എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി

ലഹരിമുക്ത കേരളം പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കുന്നതിന് 27.04.2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 73/2015/നി.വ. പ്രകാരം സുബോധം എന്ന ബൃഹത്തായ പദ്ധതിക്ക് രൂപം നൽകിക്കൊണ്ടും, ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചും ഉത്തരവായിരുന്നു. സുബോധം പദ്ധതി നടപ്പാക്കുന്നതിനുള്ള പദ്ധതി രേഖ 25.09.2015-ലെ ജി.ഒ. (എം.എസ്) 171/2015/നി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചും ഉത്തരവാകുകയുണ്ടായി. കമ്മിറ്റിയുടെ തീരുമാനങ്ങൾ അനുസരിച്ച് വിവിധങ്ങളായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സുബോധം പദ്ധതി ഡയറക്ടറുടെ മേൽനോട്ടത്തിൽ നടത്തി വരുന്നു.

സർക്കാർ പ്രഖ്യാപിത മദ്യനയത്തിന്റെ അന്തഃസത്ത പൂർത്തീകരിക്കുന്നതിനും, 'മദ്യരഹിത കേരളം' എന്ന മഹത്തായ ലക്ഷ്യം വരുന്ന 10 വർഷത്തിനുള്ളിൽ കൈവരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ബൃഹത്തായ ബോധവൽക്കരണ പരിപാടികളിലൂടെ ഒരു വർഷം കൊണ്ട് മദ്യത്തിനടിമപ്പെട്ട ഒരു ലക്ഷം പേരെ അതിൽ നിന്നും പിൻതിരിപ്പിക്കുക എന്ന മഹത്തായ ഉദ്ദേശ്യത്തോടെയുമാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 2030 ഓടെ കേരളത്തെ ലഹരിവിമുക്തമാക്കുക എന്ന

പുനർജനിയുടെ ലക്ഷ്യം ഘട്ടംഘട്ടമായി നടപ്പിലാക്കുവാനുള്ള പദ്ധതിയാണ് സുബോധം. മദ്യത്തിന്റെ ആവശ്യകത കുറയ്ക്കുക (Demand Reduction) അതിന്റെ ദുരിത ലഘൂകരണം (Harm Reduction) ശാസ്ത്രീയമായ പഠനം (Research Monitoring) എന്നിവയിലൂന്നിയുള്ള കാര്യപരിപാടികളാണ് സുബോധം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) 12.01.2016-ലെ ജി.ഒ. (എം.എസ്) നം. 3/2016/നി.വ. നമ്പർ ഉത്തരവ് പ്രകാരം 2015-16 സാമ്പത്തിക വർഷത്തിലെ സുബോധം പദ്ധതിയുടെ നടത്തിപ്പിനായി 15,96,60,000/- രൂപ ഫൈനൽ SDG -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.